ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:04.05.2025**

## പ്രധാനവാർത്തകൾ

1. പഹൽഗാം ഭീകരാക്രമണ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി വ്യോമസേനാ മേധാവി.

2. വിനോദ സഞ്ചാര മേഖലയെ കൂടുതൽ ആകർഷണീയവും പരിസ്ഥിതി സൗഹാർദ്ദവുമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. സർഗ്ഗാത്മകതയുടെയും ഉള്ളടക്ക സൃഷ്ടിയുടെയും അലയൊലി തീർത്ത ആഗോള ശ്രവ്യ ദിശ്യ വിനോദ ഉച്ചകോടി വേവ്സിന് മുംബൈയിൽ സമാപനം.

4. പൂരാവേശത്തിൽ തൃശ്ശൂർ; സാമ്പിൾ വെടിക്കെട്ടിന് അല്പസമയത്തികം തിരികൊളുത്തും.

5. ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2025 ന് ഇന്ന് ബീഹാറിൽ തുടക്കം; ഐപിഎൽ ക്രിക്കറ്റിൽ, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ രാജസ്ഥാൻ റോയൽസിന് 207 റൺസ് വിജയലക്ഷ്യം.

**********************************

RNU TVPM

## പ്രധാനമന്ത്രി - വ്യോമസേനാ മേധാവി

പ്രധാനമന്ത്രി നരേന്ദ്രമോദിയും വ്യോമസേന മേധാവി എയർ ചീഫ് മാർഷൽ എ.പി. സിങ്ങും തമ്മിൽ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രിയും സൈനിക നേതൃത്വവും 24 മണിക്കൂറിനുള്ളിൽ നടത്തുന്ന രണ്ടാമത്തെ കൂടിക്കാഴ്ചയാണിത്. ഇന്നലെ നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ. ത്രിപാഠിയുമായി പ്രധാനമന്ത്രി ചർച്ച നടത്തി. അതേസമയം, നിയന്ത്രണ രേഖയിൽ പാകിസ്ഥാൻ സൈന്യം തുടർച്ചയായി പത്താം ദിവസവും വെടിനിർത്തൽ ലംഘനങ്ങൾ തുടർന്നു. ഇന്ത്യൻ സൈന്യം ശക്തമായി തിരിച്ചടിച്ചു.

********************************

## ഇന്ത്യ- അംഗോള

ഇന്ത്യ- അംഗോള ഉഭയകക്ഷി ബന്ധം ശക്തമായി മുന്നോട്ട് കൊണ്ടുപോകാൻ പ്രതിജ്ഞാബദ്ധമാണെന്ന് അംഗോള പ്രസിഡന്റ് ജോവോ മാനുവൽ ലൊറെൻസൊ. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ അംഗോള ബിസിനസ് ഫോറത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ- അംഗോള ഉഭയകക്ഷി വ്യാപാരം 2023-24 സാമ്പത്തിക വർഷത്തിൽ 4.2 ബില്യൺ ഡോളറിലെത്തിയതായി വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ് വ്യക്തമാക്കി.

PIU TVPM

********************************

## മുഖ്യമന്ത്രി - മുഴപ്പിലങ്ങാട് ബീച്ച്

സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര മേഖലയെ കൂടുതൽ ആകർഷണീയവും പരസ്ഥിതി സൗഹാർദ്ദവുമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

സംസ്ഥാനം ടൂറിസം രംഗത്ത് വൻ കുതിപ്പാണ് നടത്തുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. ഏഷ്യയിലെ ഏറ്റവും വലിയ ഡ്രൈവ് ഇൻ ബീച്ചായ മുഴപ്പിലങ്ങാട് ബീച്ചിൽ നടപ്പാക്കുന്ന ടൂറിസം വികസന പദ്ധതിയുടെ ഒന്നാം ഘട്ടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സഞ്ചാരികളുടെ പ്രതീക്ഷകൾക്കൊത്ത് ഉയരാനുള്ള ഉത്തരവാദിത്തം നാടിനുണ്ടെന്നും ശ്രീ പിണറായി വിജയൻ പറഞ്ഞു.

*******************************

## മുഴുപ്പിലങ്ങാട് ബീച്ച് (ഇൻട്രോ)

മുഴപ്പിലങ്ങാട് ബീച്ചിലെ ടൂറിസം വികസന പദ്ധതിക്ക് തുടക്കമായതോടെ നിരവധി സഞ്ചാരികളാണ് ഇവിടേക്ക് എത്തിക്കൊണ്ടിരിക്കുന്നത്. വിശാലമായ ഡ്രൈവിംഗ് ബീച്ചാണ് പ്രധാന ആകർഷണം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

(വോയിസ്)

RNU TVPM

*******************************

## സ്റ്റുഡന്റ് പോലീസ് -ധനമന്ത്രി (ഇൻട്രോ)

പൊതു താല്പര്യങ്ങൾക്കെതിരെ പ്രവർത്തിക്കുന്നവരെ തിരിച്ചറിയാനുള്ള ശേഷി വിദ്യാർഥികൾ വളർത്തിയെടുക്കണമെന്ന് മന്ത്രി കെ എൻ ബാലഗോപാൽ. കൊല്ലം, കുളക്കട സർക്കാർ ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പാസിങ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു അദ്ദേഹം. കേഡറ്റുകൾക്ക് നൽകുന്ന ചിട്ടയായ പരിശീലനത്തിലൂടെ അച്ചടക്കം, സേവന സന്നദ്ധത എന്നിവ ഭാവി തലമുറയ്ക്ക് പകർന്നു നൽകുകയാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

(ഹോൾഡ്-വോയ്സ്)

*******************************

**വേവ്സ്-സമാപനം**

ഇന്ത്യയുടെ സൃഷ്ടിപരമായ ശക്തി ഉയർത്തിക്കാട്ടി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ മുംബൈയിൽ സംഘടിപ്പിച്ച ലോക ശ്രവ്യ-ദൃശ്യ -വിനോദ ഉച്ചകോടി - WAVES 2025 ന് ഇന്ന് സമാപനം.

(വേവ്സ്- മ്യൂസിക്)

100-ലധികം രാജ്യങ്ങളിൽ നിന്നുള്ള കലാകാരന്മാർ, നിക്ഷേപകർ, ഉള്ളടക്ക സ്രഷ്ടാക്കൾ തുടങ്ങിയവരുടെ സംഗമത്തിനാണ് WAVES ഉച്ചകോടി വേദി സാക്ഷിയായത്. മാധ്യമങ്ങൾ, വിനോദം, ഡിജിറ്റൽ നവീകരണം തുടങ്ങിയവയുടെ ആഗോള കേന്ദ്രമായി ഇന്ത്യയെ മാറ്റാൻ ലക്ഷ്യമിട്ടാണ് നാലു ദിനം നീണ്ട ഉച്ചകോടി സംഘടിപ്പിച്ചത്. സർഗ്ഗാത്മക വ്യവസായ മേഖലയിലെ ആഗോള സഹകരണത്തിനുള്ള പ്രധാന വേദിയായി മാറിയിരിക്കുകയാണ് WAVES ബസാർ. ഉദ്ഘാടന പതിപ്പിൽ ഇതുവരെ, സിനിമ, സംഗീതം, റേഡിയോ, VFX, ആനിമേഷൻ മേഖലകളിലായി 800 കോടിയിലധികം രൂപയുടെ വ്യവസായ ഇടപാടുകളാണ് നടന്നത്. 90-ലധികം രാജ്യങ്ങളിൽ നിന്നുള്ള പതിനായിരത്തിലധികം പ്രതിനിധികളാണ് ഉച്ചകോടിയുടെ ഭാഗമായത്.

RNU TVPM

*******************************

**വേവ്സ്-സഞ്ജയ് ജാജു**

WAVES-ൽ പങ്കെടുത്ത എല്ലാ സ്രഷ്ടാക്കളും ഒരു താരമായി മാറുകയാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ

മന്ത്രാലയ സെക്രട്ടറി സഞ്ജയ് ജാജു. മുംബൈയിൽ WAVES ഉച്ചകോടിയുടെ ഭാഗമായി സംഘടിപ്പിച്ച സാംസ്കാരിക സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നിക്ഷേപം, ബിസിനസ്സ്, കല, സംസ്കാരം എന്നിവയ്ക്കുള്ള അവിശ്വസനീയമായ ഒരു വേദിയായി വേവ്സ് മാറിയെന്നും ശ്രീ ജാജു പറഞ്ഞു. Create in India Challenge ൽ മത്സരിച്ച സംഗീതജ്ഞർ മികച്ച പ്രകടനം കാഴ്ച വെച്ചതായും അവർക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

(വേവ്സ്- മ്യൂസിക്)

********************************

## നീറ്റ് പരീക്ഷ

അഖിലേന്ത്യാ മെഡിക്കൽ പ്രവേശനത്തിനായുള്ള ഈ വർഷത്തെ NEET-UG പ്രവേശന പരീക്ഷ ഇന്ന് നടന്നു. ഇന്ത്യയിലെ 5,000 ത്തിലധികം കേന്ദ്രങ്ങളിലും വിദേശത്തെ 13 നഗരങ്ങളിലുമായി 22.7 ലക്ഷത്തോളം വിദ്യാർത്ഥികളാണ് പരീക്ഷ എഴുതിയത്. രാജ്യത്ത് ആകെയുള്ള 780 മെഡിക്കൽ കോളേജുകളിലായി ഒരുലക്ഷത്തി 18,190 MBBS സീറ്റുകളും 329 ദന്തൽ കോളേജുകളിലായി 28,000 സീറ്റുകളുമാണുള്ളത്.

********************************

## നീറ്റ് അറസ്റ്റ്

പത്തനംതിട്ടയിൽ വ്യാജ ഹാൾടിക്കറ്റുമായി നീറ്റ് പരീക്ഷയെഴുതാൻ ശ്രമിച്ച വിദ്യാർഥി പോലീസ് പിടിയിൽ. നീറ്റ് പരീക്ഷാ കേന്ദ്രം ആയിരുന്ന തൈക്കാവ് ഗവ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലാണ് സംഭവം. തിരുവനന്തപുരം സ്വദേശിയായ വിദ്യാർത്ഥിയെയാണ് പത്തനംതിട്ട പോലീസ് പിടികൂടി ചോദ്യം ചെയ്തു കൊണ്ടിരിക്കുന്നത്. സെന്റർ

RNU TVPM

ഒബ്സർവർ, പോലീസിൽ പരാതി നൽകിയതിനെ തുടർന്നാണ് നടപടി.

******************************

**തൃശ്ശൂർ പൂരം**

തൃശ്ശൂർ പൂരത്തിന്റെ സാമ്പിൾ വെടിക്കെട്ടിന് അല്പസമയത്തികം തിരികൊളുത്തും. തിരുവമ്പാടിയാണ് സാമ്പിൾ വെടിക്കെട്ടിന് തുടക്കമിടുക. തുടർന്ന് പാറമേക്കാവിന്റെ വെടിക്കെട്ടും നടക്കും. സ്വരാജ് റൗണ്ടിൽ നിന്ന് ഇത്തവണ വെടിക്കെട്ട് പ്രേമികൾക്ക് സാമ്പിൾ ആസ്വദിക്കാനും അവസരമുണ്ട്. തിരുവമ്പാടി, പാറമേക്കാവ് ദേവസ്വങ്ങളിൽ ചമയപ്രദർശനങ്ങൾക്കും തുടക്കമായി. നാളെ പൂരത്തിന് നാന്ദികുറിച്ച് വടക്കുന്നാഥക്ഷേത്രം തെക്കേഗോപുര നട തുറക്കും. ചൊവ്വാഴ്ചയാണ് വിശ്വപ്രസിദ്ധമായ തൃശൂർ പൂരം.

******************************

**തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ ( ഇൻട്രോ)**

ആനപ്രേമികളുടെ ഹരമായ കൊമ്പൻ തെച്ചിക്കോട്ടുകാവ് രാമചന്ദ്രൻ, തൃശൂർ പൂരത്തിന്റെ ഭാഗമാകാനുള്ള തയ്യാറെടുപ്പിൽ. പൂരത്തിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ, രാമന്റെ വരവ് കാത്തിരിക്കുകയാണ് പൂരപ്രേമികൾ.

**കൂടുതൽ വിശേഷങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതപ്രതാപ്....**

(വോയിസ്)

******************************

**റാബിയ അന്തരിച്ചു**

PNU TVPM

ചക്രക്കസേരയിലിരുന്ന് നാടിനാകെ അക്ഷരവെളിച്ചം പകർന്ന സാമൂഹിക പ്രവർത്തക കെ വി റാബിയ വിടവാങ്ങി. 59 വയസായിരുന്നു. മലപ്പുറം കോട്ടക്കലിൽ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. 2022-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചിട്ടുണ്ട്. റാബിയയുടെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചിച്ചു. ഒരു പരിമിതിയ്ക്കും അക്ഷരത്തെയും അറിവിനെയും തടയാനാകില്ലെന്നു നമ്മെ ബോധ്യപ്പെടുത്തിയ വ്യക്തിയാണ് റാബിയയെന്ന് അദ്ദേഹം അനുസ്മരിച്ചു. വിദ്യാഭ്യാസ മേഖലയിൽ റാബിയ നടത്തിയ പോരാട്ടങ്ങൾ സമാനതകൾ ഇല്ലാത്തതാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ അനുസ്മരിച്ചു.

*******************************

## ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ്

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2025 ന് ബീഹാറിൽ തുടക്കമായി. ഔദ്യോഗിക ഉദ്ഘാടന ചടങ്ങ്, പട്നയിലെ പാട്ലിപുത്ര സ്പോർട്സ് കോംപ്ലക്സിൽ പുരോഗമിക്കുകയാണ്. കേന്ദ്ര കായിക മന്ത്രി മൻസൂഖ് മാണ്ഡവ്യ ചടങ്ങിനെ അഭിസംബോധന ചെയ്യുകയാണ്.

*******************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ രാജസ്ഥാൻ റോയൽസിനു 207 റൺസിൻറെ വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, നിശ്ചിത 20 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 206 റൺ നേടി.

*

*****************

*****************************************

RIJU TVPM